പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2642 | 10.12.2014- ൽ മറുപടിക്ക് |

## രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിവിധ രോഗങ്ങളുടെ നിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറി സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് നിലവിൽ വിവിധ ആശുപത്രികളോട് അനുബന്ധമായി പ്രവർത്തിക്കുന്ന ലബോറട്ടറികൾ കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ ആറ് പബ്ലിക്ക് ഹെൽത്ത് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലീനിക്കൽ ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പി. എച്ച് ലബോറട്ടറികൾ, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലും ഡിസ്ട്രിക്റ്റ് പബ്ലിക്ക് ഹെൽത്ത് ലാബോറട്ടറികൾ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലുമായി പ്രവർത്തിക്കുന്നു.<br>വിദഗ്ധ പരിശോധന ആവശ്യമായി വരുമ്പോൾ ആരോഗ്യ വകുപ്പിന്റെ ലബോറട്ടറികൾക്ക് പുറമേ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സർക്കാർ ലാബോറട്ടറികളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേലധികാരിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (പൂന) യുടെ ആലപ്പുഴ ജില്ലയിലെ ബ്രാഞ്ച് രാജീവ് ഗാന്ധി സെന്റർ ഫോർ ബയോ ടെക്നോളജി, തിരുവനന്തപുരം, മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (കെ. എം. സി. മണിപ്പാൽ) നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ലബോറട്ടറി (എൻ. സി. ഡി. സി) ഡൽഹി തുടങ്ങിയവയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. |

| | | | |
|---|---|---|---|
| ബി) | ഉണ്ടെങ്കിൽ ആധുനിക നിലവാരത്തോടെയുള്ള ഒരു ലബോറട്ടറി സൗകര്യം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | ബി) | നിലവിൽ സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി, തിരുവനന്തപുരം സംസ്ഥാനത്ത് ആധുനിക നിലവാരത്തോടെയുള്ള ലബോറട്ടറികളിൽ ഒന്നാണ്. |
| സി) | എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | സി) | സ്റ്റേറ്റ് പബ്ലിക്ക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലാബിൽ ഒമ്പത് ടെക്നിക്കൽ സെക്ഷനുകളും ഒരു അക്കാഡമിക്ക് സെക്ഷനും കൂടാതെ ഒരു ഐ. സി.റ്റി. സി. സെക്ഷനും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കാവശ്യമായ എകദേശം എല്ലാവിധ പരിശോധനകളും ഇവിടെ ചെയ്യുന്നുണ്ട്.<br>എല്ലാവിധ ഹെമറ്റോളജി, ക്ലിനിക്കൽ പാത്തോളജി, ബയോകെമിസ്ട്രി, സിറോളജി, ബാക്ടീരിയോളജി, സൈറ്റോളജി ടെസ്റ്റുകൾ സ്ഥിരമായി ചെയ്യുകയും റിസൾട്ട് നല്കുകയും ചെയ്യുന്നു. സെൻട്രൽ മലേറിയ ലാബിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള മലേറിയ സ്ലൈഡുകൾ കൺഫർമേഷനും ക്രോസ് ചെക്കിംഗും നടത്തി റിപ്പോർട്ട് നൽകി വരുന്നു. റേഡിയോ ഇമ്മ്യൂണോ അസൈ സെക്ഷനിൽ തൈറോയിഡ് ഫങ്ഷൻ ടെസ്റ്റുകൾ നടത്തി റിസൾട്ട് നല്കാറുണ്ട്.<br>കൂടാതെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആദ്യത്തെ മോളിക്കുലാർ ഡയഗ്നോസിസ് (പി. സി. ആർ) വിഭാഗം 2014 എപ്രിൽ മുതൽ ഈ സ്ഥാപനത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. സാധാരണ ലബോറട്ടറി ടെസ്റ്റുകൾ മുഖാന്തിരം രോഗ നിർണ്ണയം ബുദ്ധിമുട്ടാകുന്ന അവസരങ്ങളിൽ ആണ് പി. സി ആർ ടെസ്റ്റുകളെ അവലംബിക്കുന്നത് ചില പ്രത്യേക തരം വൈറൽ രോഗങ്ങൾ, ചില പ്രത്യേക തരം ടി. ബി., ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി. എന്നീ രോഗങ്ങളുടെ ചികിത്സ ഫലപ്രദമാകുന്നുണ്ടോ എന്നറിയുവാനുള്ള ടെസ്റ്റുകൾ പി. സി. ആർ. വഴി ചെയ്യുന്നുണ്ട്.<br>നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ അപ്പക്സ് റഫറൽ ലബോറട്ടറി എന്ന നിലയിൽ ഡെങ്കിപ്പനി, ചിക്കൻ ഗുനിയ എന്നീ രോഗങ്ങളുടെ വൈറൽ ടൈപ്പിംഗ് ചെയ്ത് നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന് ലഭ്യമാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**